## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2454     20-06-2012-ൽ മറുപടിയ്ക്ക്**

**'ഗദ്ദിക' നാടൻ കലാ- വിപണന മേള**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | കുമാരി.പി.കെ.ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി |

| | |
|---|---|
| (എ) പട്ടികവിഭാഗക്കാരുടെ തനത് കലകൾ പരിപോഷിപ്പിക്കുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ 'ഗദ്ദിക' നാടൻ കലാ-വിപണനമേളയുടെ വിശദാംശങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. കഴിഞ്ഞ 5 വർഷങ്ങളിൽ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പുകളും കിർത്താഡ്സും സംയുക്തമായി 'ഗദ്ദിക' നാടൻ കലാ-വിപണനമേള സംഘടിപ്പിച്ചിരുന്നു. നാടൻ കലാമേളയിൽ പട്ടിക വിഭാഗത്തിൽപ്പെട്ട തനത് കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും, ഇവരുടെ പരമ്പരാഗത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ഈ മേളകൾ സഹായകരമായി. മേളയിൽ എല്ലാ ദിവസവും അരങ്ങേറുന്ന നാടൻ കലകളുടെ പ്രദർശനത്തിന് ധാരാളം പ്രേക്ഷകർ ഉണ്ടാകുകയും ഇവരുടെ തനതു കലകൾ ജനങ്ങളുടെ ഇടയിൽ ഒരു പുതിയ അനുഭവം ഉണ്ടാക്കുകയും ചെയ്തു.<br>ആദിവാസി ഗോത്ര വിഭാഗങ്ങളുടെ പ്രാചീന കലാരൂപങ്ങൾ പുതിയ തലമുറയെ പരിചയപ്പെടുത്തുന്നതോടൊപ്പം അവയുടെ നിലനിൽപ്പിനും ഇതു സഹായകമാകുന്നു. ഇതോടൊപ്പം സംഘടിപ്പിക്കുന്ന വംശീയ |

<table>
<tr>
<td></td>
<td>ഭക്ഷ്യമേള, ആദിവാസി ഗോത്ര വർഗ്ഗങ്ങളുടെ തനതു ഭക്ഷണ രീതികൾ പൊതുജനങ്ങളെ പരിചയപ്പെടുത്തുന്നതിനും, ഈ ഭക്ഷണത്തിന്റെ ഗുണമേന്മ എല്ലാവർക്കും അനുഭവയോഗ്യമാക്കുന്നതിനും, വംശീയ വൈദ്യവും, ആവികുളിയും, ഗോത്ര വൈദ്യൻമാരുടെ ചികിത്സാ രീതികളും ജനങ്ങൾക്ക് മനസ്സിലാക്കുന്നതിനും മേള ഉപകരിച്ചു. അതോടൊപ്പം വിപണന സാധനങ്ങൾ കൊണ്ടുവരുന്നതിനും കലാപരിപാടികൾ പ്രദർശിപ്പിക്കുന്നതിനും താമസ-ഭക്ഷണ സൗകര്യങ്ങൾക്കുമുള്ള ചെലവ് സർക്കാർ വഹിച്ചിരുന്നു. വിറ്റുവരവു സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്കു ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>വർഷം</th><th>തുക</th></tr>
<tr><td>2006-07</td><td>11,27,500/-</td></tr>
<tr><td>2007-08</td><td>19,87,761/-</td></tr>
<tr><td>2008-09</td><td>22,00,000/-</td></tr>
<tr><td>2009-10</td><td>18,50,200/-</td></tr>
<tr><td>2010-11</td><td>28,56,400/-</td></tr>
</table>
</td>
</tr>
<tr>
<td>(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ?</td>
<td>(ബി) ഉണ്ട്. 2011 ഡിസംബറിൽ കണ്ണൂരിലെ പയ്യന്നൂരിലും 2012 ജനുവരിയിൽ തൃശ്ശൂരിലെ മാളയിലും വച്ച് "പൈതൃകോത്സവ് 2011-12" എന്ന പേരിൽ നാടൻ കലാമേളയും പ്രദർശന വിപണന മേളയും സംഘടിപ്പിച്ചിരുന്നു. ഈ പ്രദർശന വിപണനമേളകൾ നടത്തുന്നതുവഴി പട്ടികവിഭാഗത്തിൽപെട്ടവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ഉല്പന്നങ്ങൾ</td>
</tr>
</table>

| | |
|---|---|
| | വിറ്റഴിക്കുന്നതിനും അവസരം ലഭിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംസ്കാരിക കലാപൈതൃകം ഉയർത്തിപിടിക്കുന്നതരത്തിലുള്ള ഗോത്ര കലാപ്രദർശനങ്ങൾ, വംശീയവൈദ്യ ചികിത്സ, ഗോത്രരീതിയിലുള്ള നാടൻ ഭക്ഷണരീതി എന്നിവ സംഘടിപ്പിക്കുകയും ആയതിന് വൻ പൊതുജന പങ്കാളിത്തം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. 2011-12 ലെ പൈതൃകോത്സവത്തിൽ ആകെ 36,51,372/- രൂപയുടെ ഉത്പന്നങ്ങൾ സ്വയം സംരംഭകർക്ക് വിറ്റഴിക്കുവാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ.